## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യംനമ്പർ. 671 03/11/2016-ൽ മറുപടിയ്ക്ക്

### പട്ടികജാതി ഐ.ടി.ഐ. ട്രെയിനികൾക്കായി പ്രത്യേക പോഷകാഹാരപദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>ശ്രീ.പി.കെ.അബ്ദു റബ്ബ്** | **ശ്രീ. എ.കെ.ബാലൻ**<br>(ബഹു.പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സംസ്കാരികവും വകുപ്പു മന്ത്രി) | |
| എ | പട്ടികജാതി ഐ.ടി.ഐ. ട്രെയിനികൾക്കായി പ്രത്യേക പോഷകാഹാര പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ | പട്ടികജാതി ഐ.ടി.ഐ.ട്രെയിനികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനുള്ള പദ്ധതി സർക്കാർ പരിഗണനയിലാണ്. |
| ബി | എങ്കിൽ അതിന്റെ നടത്തിപ്പു സംബന്ധിച്ച വിശദ വിവരം നൽകാമോ; | ബി | ഐ.ടി.ഐ.കൾ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിൽ ഭക്ഷണം പാകം ചെയ്തു നൽകുന്നതിന് കുടുംബശ്രീ യൂണിറ്റുകളെ ചുമതലപ്പെടുത്തുന്നതാണ്. ഒരു നിശ്ചിത മെനു പ്രകാരം ഉച്ചഭക്ഷണം തയ്യാറാക്കി ഐ.ടി.ഐ. കളിൽ വിതരണം ചെയ്യുവാൻ അത്തരം യൂണിറ്റുകൾക്ക് സാധ്യമല്ലാത്തയിടങ്ങളിൽ ചെറുകിട ഭക്ഷണശാലകൾ/ കാറ്ററിംഗ് യൂണിറ്റുകൾ എന്നിവരെ കരാർ അടിസ്ഥാനത്തിൽ 6 മാസത്തേക്കോ അല്ലെങ്കിൽ ഒരു വർഷത്തേക്കോ ഏൽപ്പിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. |

......2

| | | | |
|---|---|---|---|
| സി | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രസ്തുത പദ്ധതിയിൻ കീഴിൽ എന്തൊക്കെ സൗകര്യങ്ങൾ നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ.? | സി | പദ്ധതി നടപ്പിലാക്കുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിനു കീഴിലുള്ള ഐ.ടി.ഐ.കളിലെ എല്ലാ ട്രെയിനികൾക്കും പ്രയോജനം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ